LIBRARY ARCHIVES Kerala Legislative Assembly

മണ്ണാർക്കാട് വനഭൂമിയിൽ താമസിക്കുന്നവർക്ക് പട്ടയം

127(2163) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണാർക്കാട് താലൂക്കിൽ 1-1-1977-ന് മുമ്പ് മുതൽ വനഭൂമിയിൽ താമസിക്കുന്നവരെ കണ്ടെത്തുന്നതിനുള്ള ജോയിന്റ് വെരിഫിക്കേഷൻ സർവ്വേ നടത്തിയിട്ടുണ്ടോ?

3-8-1989-ലെ G.O(MS)655/89, 14/12/1999-ലെ G.O(MS) 510/99/RD എന്നീ ഗവൺമെന്റ് ഉത്തരവുകളുടെ അടിസ്ഥാനത്തിൽ മണ്ണാർക്കാട് താലൂക്കിലെ 1-1-1977-ന് മുമ്പുള്ള വനം കയ്യേറ്റം കണ്ടെത്തുന്നതിന് വനം-റവന്യൂ വകുപ്പുകൾ സംയുക്ത പരിശോധന നടത്തി 465 പേരുടെ ലിസ്റ്റ് തയ്യാറാക്കിയിട്ടുണ്ട്.

(ബി) പട്ടയം ലഭിക്കുന്നതിന് അർഹരായവരുടെ പട്ടിക ഉൾപ്പെടെ പാലക്കാട് ജില്ലാ കളക്ടർ 11-11-2020-ന് ഒലവക്കോട് ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ്-ന് നൽകിയ ഫയലിൽ (എൻ.ആർ.എ. 5-2005/4455/9(1999/44665/9) സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

കൂടിയേറ്റങ്ങൾ ക്രമപ്പെടുത്തൽ പ്രത്യേക ചട്ടങ്ങൾ 1993 പ്രകാരം പട്ടയം അനുവദിക്കുന്നതിനുള്ള തുടർനടപടികൾ യൂസർ ഏജൻസി എന്ന നിലയിൽ റവന്യൂ വകുപ്പ് മുഖേന നടന്നുവരുന്നു.

(സി) അർഹതപ്പെട്ടവർക്ക് പട്ടയം ലഭിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

യൂസർ ഏജൻസി എന്ന നിലയിൽ റവന്യൂ വകുപ്പ് നടപടികൾ പൂർത്തീകരിച്ച് കേന്ദ്രാനുമതി ലഭ്യമാകുന്ന മുറയ്ക്കാണ് പട്ടയം അനുവദിക്കുന്ന കാര്യം പരിശോധിച്ച് തീരുമാനിക്കുന്നത്.

എറണാകുളം ജില്ലയിലെ സോഷ്യൽ ഫോറസ്ട്രി പദ്ധതികൾ

128(2164) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിൽ സോഷ്യൽ ഫോറസ്ട്രിയുടെ അഭിമുഖ്യത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

എറണാകുളം ജില്ലയിൽ സോഷ്യൽ ഫോറസ്ട്രിയുടെ ആഭിമുഖ്യത്തിൽ താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. ഹരിത കേരളം പദ്ധതി.
2. കടൽത്തീരങ്ങളുടെ സംരക്ഷണത്തിന്റെ ഭാഗമായി കാറ്റാടി നട്ടുപിടിപ്പിക്കുന്ന പദ്ധതി.
3. ഓരോ വർഷവും ജില്ലയിൽ സ്കൂളുകൾ കേന്ദ്രീകരിച്ച് വിദ്യാവനം പദ്ധതി നടപ്പിലാക്കുന്നുണ്ട്.
4. കോളേജുകൾ, സ്ഥാപനങ്ങൾ എന്നിവിടങ്ങളിലെ ഇൻസ്റ്റിറ്റ്യൂഷണൽ പ്ലാൻറിംഗ് നടത്തിവരുന്നുണ്ട്.
5. ഓരോ വർഷവും കാവ് സംരക്ഷണത്തിനുള്ള അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് അർഹതയുള്ള കാവുകൾക്ക് ധനസഹായം നൽകിവരുന്നു.
6. ഓരോ വർഷവും പരിസ്ഥിതി സംരക്ഷണ മേഖലയിൽ തെരെഞ്ഞെടുത്ത ഒരാൾക്ക് വനമിത്ര പുരസ്കാരം നൽകിവരുന്നു.
7. സ്വകാര്യ വ്യക്തികളുടെ ഭൂമിയിൽ മരങ്ങൾ നട്ടുവളർത്തൽ പ്രോത്സാഹന പദ്ധതിയുടെ ഭാഗമായി ധനസഹായം നൽകിവരുന്നു.

(ബി) സ്വകാര്യ ഭൂമിയിൽ വൃക്ഷം നടീൽ പ്രോത്സാഹിപ്പിക്കുന്നതിനായി ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കുമോ?

സ്വകാര്യ ഭൂമിയിൽ വൃക്ഷം നടീൽ പ്രോത്സാഹിപ്പിക്കുന്നതിനായി ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു. 2020-21 സാമ്പത്തിക വർഷം 30 ഗുണഭോക്താക്കൾക്ക് ആകെ 1,53,939 രൂപ ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) പ്രസ്തുത പദ്ധതിയിൽ ജില്ലയിൽ രജിസ്റ്റർ ചെയ്ത ഗുണഭോക്താക്കളുടെ പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

പഞ്ചായത്ത്/മുൻസിപ്പാലിറ്റി	ഗ്രണഭോക്താക്കളുടെ എണ്ണം
കൂത്താട്ടുകുളം മുനിസിപ്പാലിറ്റി	2
അങ്കമാലി മുനിസിപ്പാലിറ്റി	1
രായമംഗലം ഗ്രാമപഞ്ചായത്ത്	2
മാറാടി ഗ്രാമപഞ്ചായത്ത്	5
മഞ്ഞളളൂർ ഗ്രാമപഞ്ചായത്ത്	3
കല്ലൂർക്കാട് ഗ്രാമപഞ്ചായത്ത്	2
പുത്തൻകുരിശ് ഗ്രാമപഞ്ചായത്ത്	1
ആയവന ഗ്രാമപഞ്ചായത്ത്	2
മഞ്ഞപ്ര ഗ്രാമപഞ്ചായത്ത്	1
ആലങ്ങാട് ഗ്രാമപഞ്ചായത്ത്	2
പായിപ്ര ഗ്രാമപഞ്ചായത്ത്	1
ആവോലി ഗ്രാമപഞ്ചായത്ത്	2
നെല്ലിക്കുഴി ഗ്രാമപഞ്ചായത്ത്	1
കുവപ്പടി ഗ്രാമപഞ്ചായത്ത്	3
മൂക്കന്നൂർ ഗ്രാമപഞ്ചായത്ത്	1
അയ്യമ്പുഴ ഗ്രാമപഞ്ചായത്ത്	1

സാമൂഹ്യ വനവത്കരണ പദ്ധതി

129(2165) ശ്രീ. എം. എം. മണി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വനം-വന്യജീവി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമൂഹ്യ വനവത്കരണത്തിന്റെ ഭാഗമായി വച്ചു പിടിപ്പിച്ച അക്കേഷ്യ തുടങ്ങിയ മരങ്ങൾ പരിസ്ഥിതിക്ക് ഗ്രണകരമല്ലാത്തതിനാൽ ഇവ നശിപ്പിച്ച് പകരം നാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കാൻ പദ്ധതിയുണ്ടോ?